STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.30/PR/SPMC/PHQ/2023 Date:12.03.2023

## സ്വയം പ്രതിരോധമുറകള്‍ പഠിക്കാന്‍ പോലീസ് നടത്തിയ വാക്ക് ഇന്‍ ട്രെയിനിങ്ങില്‍ മികച്ച ജനപങ്കാളിത്തം

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി ജ്വാല എന്ന പേരില്‍ എല്ലാ ജില്ലകളിലും പോലീസ് സംഘടിപ്പിച്ച വാക്ക് ഇന്‍ ട്രെയിനിങ് കുട്ടികളും മുതിര്‍ന്ന വനിതകളും ഉള്‍പ്പെടെയുള്ളവരുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

അതിക്രമങ്ങള്‍ നേരിടുന്നതിനുള്ള ബാലപാഠങ്ങള്‍ പകര്‍ന്ന് നല്‍കുന്നതിന് സ്ത്രീകള്‍ക്കും കുട്ടികള്‍ക്കും പോലീസിന്‍റെ ആഭിമുഖ്യത്തില്‍ രണ്ട് ദിവസമായി നടത്തിയ സ്വയം പ്രതിരോധ പരിശീലന പരിപാടി സമാപിച്ചു. സംസ്ഥാനത്ത് 8125 പേരാണ് പ്രായഭേദമന്യേ പരിശീലനത്തില്‍ പങ്കെടുത്തത്.

സിനിമാതാരങ്ങളും ജനപ്രതിനിധികളും വിവിധ ജില്ലകളില്‍ നടന്ന പരിപാടിയില്‍ പങ്കെടുത്തു. സ്വയം പ്രതിരോധ മുറകളില്‍ പ്രത്യേക പരിശീലനം നേടിയ വനിതാ പോലീസ് ഉദ്യോഗസ്ഥര്‍ ക്ലാസ്സുകളെടുത്തു. എല്ലാ ജില്ലകളിലും സൗജന്യമായാണ് പരിശീലനം നല്‍കിയത്. ശനി, ഞായര്‍ ദിവസങ്ങളിലായി ദിവസേന നാലു ബാച്ചുകളിലായാണ് പരിശീലനം നല്‍കിയത്.

പരിപാടിയില്‍ പങ്കെടുത്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ

തിരുവനന്തപുരം സിറ്റി - 525

തിരുവനന്തപുരം റൂറല്‍ - 271

കൊല്ലം സിറ്റി - 570

കൊല്ലം റൂറല്‍ - 522

പത്തനംതിട്ട - 246

ആലപ്പുഴ- 393

ഇടുക്കി - 355

കോട്ടയം - 306

കൊച്ചി സിറ്റി - 401

എറണാകുളം റൂറല്‍ - 276

തൃശ്ശൂര്‍ സിറ്റി - 379

തൃശ്ശൂര്‍ റൂറല്‍ - 701

പാലക്കാട് - 274

മലപ്പുറം - 259

കോഴിക്കോട് സിറ്റി - 328

കോഴിക്കോട് റൂറൽ - 432

വയനാട് - 584

കണ്ണൂർ സിറ്റി - 511

കണ്ണൂർ റൂറൽ - 306

കാസർഗോഡ് - 486

കേരള പോലീസിന്റെ ആഭിമുഖ്യത്തിൽ 2015 ൽ ആരംഭിച്ച സ്വയം പ്രതിരോധ പരിശീലന പരിപാടിയിലൂടെ ഇതുവരെ ലക്ഷക്കണക്കിന് സ്ത്രീകളും കുട്ടികളും സ്വയം പ്രതിരോധ മുറകളിൽ പരിശീലനം നേടിയിട്ടുണ്ട്. എല്ലാ ജില്ലകളിലും നാല് വനിതാ പോലീസ് ഉദ്യോഗസ്ഥരാണ് പരിശീലനം നൽകുന്നത്. ജനമൈത്രി സുരക്ഷാപദ്ധതിയുടെ കീഴിൽ നൽകുന്ന ഈ പരിശീലനം തികച്ചും സൗജന്യമാണ്. ഫോൺ 0471 2318188

**ഫോട്ടോക്യാപ്ഷൻ :** വനിത സ്വയം പ്രതിരോധ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം മ്യൂസിയം റേഡിയോ പാർക്കിൽ നടത്തിയ വാക്-ഇൻ-ട്രെയിനിങ്ങിന്റെ വിവിധ ദൃശ്യങ്ങൾ.

*************************